**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2216** **01-09-2022 - ൽ മറുപടിയ്ക്ക്**

**നെല്ല് സംഭരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ .സി .ബാലകൃഷ്ണൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | മില്ലുകാരുമായുള്ള തർക്കം പലപ്പോഴും നെല്ല് സംഭരണത്തെ ദോഷകരമായി ബാധിക്കുന്നുണ്ടെന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; ഉണ്ടെങ്കിൽ നെല്ല് സംഭരണം ആരംഭിക്കുന്നതിന് മുമ്പ് തന്നെ മില്ലുകാരുമായി ധാരണയിലെത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (എ) | നെല്ല് സംഭരണത്തിനായി മില്ലുകളിൽ നിന്നും താൽപ്പര്യപത്രം ക്ഷണിച്ചുകൊണ്ട് മാധ്യമങ്ങളിലൂടെ 27.07.2022 തീയതിയിൽ അറിയിപ്പ് നൽകിയിട്ടുണ്ട്. രണ്ട് പുതിയ മില്ലുടമകൾ താൽപ്പര്യം അറിയിച്ചിട്ടുണ്ട്. പുതിയ മില്ലുകളായതിനാൽ ഇവരെ സംഭരണ പ്രക്രിയയിൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രാഥമിക നടപടികൾ സപ്ലൈകോ സത്വരമായി സ്വീകരിച്ചുവരുന്നു. മുൻകാലങ്ങളിൽ കരാറിൽ ഏർപ്പെട്ട മില്ലുകൾ ഈ സീസണിൽ കരാർ പുതുക്കേണ്ടതുണ്ട്. GST സംബന്ധിച്ചും, സംസ്കരണതോത് (OTR) സംബന്ധിച്ചും ചില ആവശ്യങ്ങൾ ടി മില്ലുകൾ മുന്നോട്ട് വയ്ക്കുകയും ആയതിന് പരിഹാരം കാണണം എന്ന് ആവശ്യപ്പെടുകയും ചെയ്തതിനാൽ ഇതിന് പരിഹാരം കാണുന്നതിനായി 12.08.2022 തീയതിയിൽ ബഹു. ഭക്ഷ്യ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ മില്ലുടമകളുമായി ഓൺലൈനായി യോഗം നടത്തുകയും അവരുടെ ആവശ്യങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു. |
| (ബി) | നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് കർഷകർക്കുള്ള പരാതികൾ കൂടി പരിഗണിച്ചുകൊണ്ട് മെച്ചപ്പെട്ട ക്രമീകരണം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | മുൻകാലങ്ങളിലെ അനുഭവങ്ങളും കർഷകരിൽ നിന്നും ജനപ്രതിനിധികൾ നിന്നുമുള്ള നിർദ്ദേശങ്ങളും പരിഗണിച്ച് ഈ സീസണിൽ (2022-23) ആഗസ്റ്റ് ഒന്നുമുതൽ തന്നെ നെല്ല് സംഭരണ രജിസ്ട്രേഷൻ ആരംഭിക്കുകയും നെല്ല് സംഭരണത്തിനായി സജ്ജീകരണങ്ങൾ ഒരുക്കുകയും ചെയ്തിട്ടുണ്ട്. കർഷകർക്ക് നെല്ലിന്റെ സംഭരണ വില കൈമാറുന്നതിന് അനുവർത്തിച്ചു വരുന്ന പാഡി റെസീപ്റ്റ് ഷീറ്റ് (പി.ആർ.എസ്) വായ്പാപദ്ധതി മൂലമാണ് നെല്ലിന്റെ സംഭരണ വില കർഷകർക്ക് കൈമാറുവാൻ കാലതാമസം ഉണ്ടാകുന്നത് എന്ന് മനസ്സിലാക്കിക്കൊണ്ട് പ്രസ്തുത വായ്പാപദ്ധതിയ്ക്ക് പകരമായി ബാങ്കുകളിൽ നിന്ന് സപ്ലൈകോ നേരിട്ട് |

| | | | |
|---|---|---|---|
| | | | വായ്പയെടുത്ത് കർഷകർക്ക് സംഭരണവില വിതരണം ചെയ്യുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നുണ്ട്. ഇതുകൂടാതെ നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് കർഷകർക്ക് നൽകുന്ന കൈകാര്യ ചിലവ്, നെല്ലിന്റെ വില തുടങ്ങിയവ യഥാസമയം കർഷകർക്ക് ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുന്ന നടപടികൾ സപ്ലൈകോ കൈക്കൊണ്ടുവരുന്നുണ്ട്. കർഷകർക്ക് നെല്ലിന്റെ സംഭരണ വില സുതാര്യമായും കാലതാമസം കൂടാതെയും നൽകുന്നതിനായി കൂടുതൽ ഉദ്യോഗസ്ഥരെ താൽക്കാലികമായി നിയോഗിക്കുകയും മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി 2021-22 നെല്ല് സംഭരണ സീസണിൽ കൂടുതൽ വേഗത്തിൽ കർഷകർക്ക് സംഭരണവില കൊടുത്തുതീർക്കുവാനും സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ